1

## വൃത്തിയും വെടിപ്പും

ഒരു റൂമിൽ വൃത്തിയുള്ള കുറെ ചെറിയ സാധനങ്ങളുണ്ട്. പ്രത്യേക ചിട്ടയോടെയൊന്നുമല്ല അവ അവിടെ വെച്ചത്. വാരിവിതറിയതാണ്. അതുപോലുള്ള കുറച്ചു സാധനങ്ങൾ അടുത്ത റൂമിലുമുണ്ട്. അവ നല്ലരീതിയിൽ, ചിട്ടയോടെ ഒതുക്കിവെച്ചതാണ്. നിങ്ങൾ രണ്ട് റൂമുകളെയും പരിശോധിച്ചു വിലയിരുത്തുക, ഏതിനാണ് ഭംഗിയെന്ന്. തീർച്ചയായും സാധനങ്ങൾ വെടിപ്പായി വെച്ചതിനു തന്നെ.

വൃത്തിയും വെടിപ്പും രണ്ട് വലിയ സംഗതികളാണ്. വൃത്തിയെ ആകർഷകമാക്കുന്നത് വെടിപ്പാണ്. ഭംഗിയായി വസ്ത്രധാരണം ചെയ്തുനോക്കൂ. എന്ത് ആകർഷകമായിരിക്കും. അതാണെല്ലാവരും ഇഷ്ടപ്പെടുക. എത്ര വൃത്തിയും വിലപിടിപ്പുമുള്ള ഡ്രസ്സായാലും ശരി, അത് ചിട്ടയോടെ ധരിച്ചിട്ടില്ലെങ്കിൽ കാണാൻ ഒട്ടും ഭംഗിയുണ്ടാകില്ല.

വൃത്തിയും വെടിപ്പും സ്വഭാവത്തിൻെറ ഭാഗമാണ്. പ്രത്യേകിച്ച് വെടിപ്പ്. വൃത്തിയുള്ള വസ്ത്രം ധരിച്ച ഒരു സുന്ദരൻ തെറി പറയുന്നു. അയാൾ അകമേ വൃത്തിയില്ലാത്തവനാകുന്നു. അയാളെ ആരും ഇഷ്ടപ്പെടില്ല. വൃത്തി പുറത്തുണ്ടായാൽ പോരാ, അകത്തും വേണം.

ഡ്രസ്സ് ചെയ്യുന്നത് ചിട്ടയോടെയാകണം. പുസ്തകങ്ങൾ സൂക്ഷിക്കുന്നത് ചിട്ടയോടെയാകണം. വീട്ടിലെ വസ്തുക്കൾ വെക്കുന്നതും അങ്ങനെയാകണം. ഏത് കാര്യം ചെയ്യുന്നതും വെടിപ്പോടെയാകണം. എങ്കിലേ കാണാൻ ചന്തമുണ്ടാവുകയുള്ളൂ. അലക്ഷ്യമായും ചിട്ടയില്ലാതെയും സാധനങ്ങൾ കൈകാര്യം ചെയ്യുന്നത് അലസതയുടെ അടയാളമാണ്.

ജീവിതത്തിൽ അടുക്കും ചിട്ടയും വേണം. എങ്കിലേ വെടിപ്പുണ്ടാവുകയുള്ളൂ. ഓരോ സാധനത്തിനും പ്രത്യേകം സ്ഥലം നിശ്ചയിക്കണം. അവ അവിടെ തന്നെ സൂക്ഷിക്കണം. അതുകൊണ്ട് രണ്ട് ഉപകാരമുണ്ട്. ഒന്ന്, കാണുന്നവർക്ക് നമ്മുടെ എല്ലാ സംഗതികളും വൃത്തിയും വെടിപ്പും ചിട്ടയുമുള്ളതാണെന്ന് തോന്നും. രണ്ട്, നമുക്ക് കിട്ടേണ്ട സാധനങ്ങൾ കൂടുതൽ തിരയാതെ കിട്ടും. ഒന്ന് ശീലിച്ചുനോക്കൂ.

ചിട്ടയുള്ളവർക്കേ നല്ല മനസ്സും ജീവിതരീതിയും ഉണ്ടാവുകയുള്ളൂ.